# സംഗ്രഹം

1. കോഴിക്കോട് ജില്ലയുടെ തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച ഭൂപടം തയ്യാറാക്കിയിരിക്കുന്നത് 1:25000 സ്കെയിലിൽ 11 ഷീറ്റുകളിലായി KL55, KL56, KL57, KL58, KL59, KL60, KL61, KL62, KL63, KL65, KL66 എന്നീ നമ്പരുകളിൽ ഉൾപ്പെടുത്തിയാണ്.
2. 29 ഗ്രാമ പഞ്ചായത്തുകളും (തുണേരി, ഇടച്ചേരി, ഏറാമല, അഴിയൂർ, ഒഞ്ചിയം, ചോറോട്, മണിയൂർ, തിരുവല്ലൂർ, വേളം, ചെറുവണ്ണൂർ, തുറയൂർ, തിക്കോടി, മൂടാടി, കീഴാരിയൂർ, നടുവന്നൂർ, കൊട്ടൂർ, ബാലുശ്ശേരി, ഉള്ളിയേരി, ചെങ്ങോട്ടുകാവ്, ചേമൻചേരി, അത്തോളി, തലകുളത്തൂർ, ചേലന്നൂർ, കക്കോടി, ഒളവണ്ണ, പെരുമന്ന, പെരുവയൽ, മാവൂർ, കടലുണ്ടി), വടകര, പയ്യോളി, കൊയിലാണ്ടി, രാമനാട്ടുകര, ഫെറോക്ക് എന്നീ മുനിസിപ്പാലിറ്റികളും കോഴിക്കോട് കോർപ്പറേഷനും തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്നു.
3. കോഴിക്കോട് ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകൾ CRZ IA, CRZ IB, CRZ II, CRZ IIIA, CRZ IIIB, CRZ IVA, CRZ IVB എന്നിവ ഉൾപ്പെട്ടതാണ്.
4. CRZ III മേഖലയെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. 1. CRZ IIIA യും 2. CRZ IIIB യും

## സി. ആർ. ഇസഡ് **IIIA** സി. ആർ. ഇസഡ് **IIIB**

2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽകൂടുതലോ ഉള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് IIIA എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് IIIB വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. കായലുകൾക്ക് പുഴയുടേയോ തോടിന്റേയോ വീതി ഇല്ലെങ്കിലും അവയുടെ കരഭാഗത്തെ വികസന നിഷിദ്ധ മേഖല 2011 ലെ വിജ്ഞാപനത്തിൽ 100 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനത്തിൽ 50 മീറ്ററായി മാറ്റിയിട്ടുണ്ട്. കൂടാതെ കായൽ ദ്വീപുകളെ സംബന്ധിച്ച് 2011 ലെ വിജ്ഞാപനത്തിൽ വികസന നിഷിദ്ധ മേഖല 50 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 20 മീറ്ററാക്കുകയും CRZ IIIA യിൽ 2011 ലെ വിജ്ഞാപനപ്രകാരം വികസന നിഷിദ്ധ മേഖല 200 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 50 മീറ്ററായി ഇളവ് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കൽ കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ മേഖലയായിരിക്കും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്തിട്ടു.
6. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന വേലിയേറ്റ രേഖയുടെ നീളം 536.31 (79.68 + 456.63) ചതുരശ്ര കി.മീറ്റർ ആണ്.
7. CRZ II- ൽ ഉൾപ്പെടുന്ന കരപ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 47.04546 (33.28895 + 13.75651) ചതുരശ്ര കി. മീ ആണ്.
8. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ)യുടെ ആകെ വിസ്തീർണ്ണം 0.14166 ചതുരശ്ര കി. മീറ്ററും മറ്റ് ജലാശയങ്ങളുടെത് 2.619558 ചതുരശ്ര കി. മീറ്ററുമാണ്.
9. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന തീരദേശ നിയന്ത്രണ രേഖയുടെ 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ III A മേഖലയുടെ ആകെ വിസ്തീർണ്ണം 1.287639 ചതുരശ്ര കി. മീ ആണ്.
10. CRZ IV B മേഖലയുടെ ആകെ വിസ്തീർണ്ണം 26.32758 ചതുരശ്ര കി. മീ ആണ്.